## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## (ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. ജോൺസൺ. കെ)

വിഷയം : തസ്വഭവ (LID & EW) - ജീവനക്കാര്യം - ഹെഡ് ക്ലർക്ക് തസ്തികയിലെ അന്തിമ മുൻഗണനാപ്പട്ടിക - സീനിയോരിറ്റി പുനഃക്രമീകരിച്ചുള്ള കരട് ഉത്തരവ് പ്രസിദ്ധീകരിക്കുന്നു.

പരാമർശം :
1) ഈ കാര്യാലയത്തിലെ 10.09.2021-ലെ എ 1/1001/13/സിഇ/ തസ്വഭവ Vol. IV നമ്പർ അന്തിമ മുൻഗണനാപ്പട്ടിക
2) ഈ കാര്യാലയത്തിലെ 22.11.2021-ലെ എ 1-5930/17/സിഇ/ തസ്വഭവ (Vol. II) നമ്പർ അന്തിമ മുൻഗണനാപ്പട്ടിക
3) ഈ കാര്യാലയത്തിലെ 24.06.2022-ലെ എ 1-1001/13/സിഇ/ തസ്വഭവ (Vol. IV) നമ്പർ സീനിയോരിറ്റി പുനഃക്രമീകരിച്ച ഉത്തരവ്
4) ഈ കാര്യാലയത്തിലെ 29.01.2020, 04.10.2021, 29.11.2021 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ

## ഉത്തരവ് നം. എ 1-5930/2017/സിഇ/തസ്വഭവ തീയതി 02.08.2022

ഈ വകുപ്പിലെ സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ അന്തിമ മുൻഗണനാപ്പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിക്കുകയും ആയതിന്റെ തുടർച്ചയായി ഹെഡ് ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി പുനഃക്രമീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം അന്തിമമാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ മാതൃവകുപ്പുകളിലെ സീനിയോരിറ്റി പുനഃക്രമീകരിച്ചതിനെ തുടർന്ന് നിലവിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ ജോലിചെയ്തുവരുന്നവരുമായ ശ്രീമതി. ഗീത എം.എസ്, ശ്രീ. നന്ദകുമാർ പി.എം, ശ്രീ. കലേഷ് കുമാർ വി.എസ് എന്നിവരുടെ സീനിയർ ക്ലർക്ക് തസ്തികയിലെ സ്ഥാനക്കയറ്റ തീയതി നോഷണലായി പുനഃക്രമീകരിച്ചുകൊണ്ട് പരാമർശം (3) പ്രകാരം അന്തിമമാക്കി ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സീനിയർ ക്ലർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം പുനഃക്രമീകരിച്ചതിനെ തുടർന്ന് ഹെഡ് ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി സ്വാഭാവികമായും പുനഃക്രമീകരിക്കേണ്ടതായിട്ടുണ്ട്. പരാമർശം (4) ഉത്തരവുകൾ പ്രകാരം ഹെഡ് ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി. ഗീത എം.എസ് (സ്ഥാനക്കയറ്റ തീയതി 29.01.2020), ശ്രീ. നന്ദകുമാർ പി.എം (സ്ഥാനക്കയറ്റ തീയതി 04.10.2021), ശ്രീ. കലേഷ് കുമാർ വി.എസ് (സ്ഥാനക്കയറ്റ തീയതി 29.11.2021) എന്നിവരുടെ സ്ഥാനക്കയറ്റ തീയതികൾ അവരവരുടെ തൊട്ടു ജൂനിയറായവർക്ക് സ്ഥാനക്കയറ്റം നൽകിയ യഥാക്രമം 08.05.2017, 05.08.2019, 05.08.2019 തീയതികൾ നോഷണലായി അനുവദിച്ചുകൊണ്ട്, നിലവിലെ സീനിയോരിറ്റി നമ്പർ 45 ശ്രീമതി. ഗീത എം.എസ്-നെ

സീനിയോരിറ്റി നം. 4 A ആയി ശ്രീമതി. വിജി കെ.ഇ (സീനിയോരിറ്റി നം. 4)-യ്ക്കും, ശ്രീ. ടോംസി മാത്യു (സീനിയോരിറ്റി നം. 5)-നും മധ്യേ ആയും, ശ്രീ. നന്ദകുമാർ പി.എം-നെ സീനിയോരിറ്റി നം. 41 A ആയും, ശ്രീ. കലേഷ് കുമാർ വി.എസ്-നെ സീനിയോരിറ്റി നം. 41 B ആയും, ശ്രീ. റോബിൻസൺ എക്സ് (സീനിയോരിറ്റി നം. 41)-നും, ശ്രീ. വിജയൻ എം (സീനിയോരിറ്റി നം. 42-നും മധ്യേ ഉൾപ്പെടുത്തിക്കൊണ്ടും ഇനിയും മാതൃവകുപ്പുകളിലുണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് ഭേദഗതി ചെയ്യപ്പെടണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായും, മേൽ ഭേദഗതികളോടെ സൂചന (2) ഉത്തരവ് നിലനിൽക്കുന്നതുമാണ് എന്ന നിബന്ധനകളോടെയും കരട് ഉത്തരവ് പ്രസിദ്ധീകരിക്കുന്നു. ജീവനക്കാരുടെ ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ സാധൂകരണ രേഖകൾ സഹിതം ഈ കരട് ഉത്തരവ് പ്രസിദ്ധീകരിച്ച് **17.08.2022-ാം** തീയതിയ്ക്കകം ഈ കാര്യാലയത്തിൽ തപാൽ / നേരിട്ട് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കകം പരാതികളോ ആക്ഷേപങ്ങളോ സമർപ്പിക്കാത്തപക്ഷം ഈ കരട് ഉത്തരവ് അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതായിരിക്കും.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് **ഓഫീസർ**

പകർപ്പ് : എല്ലാ നിയന്ത്രണാധികാരികൾക്കും ( വെബ് സൈറ്റ് മുഖേന )